**പതിനാലാം കേരളനിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 216** — **28.01.2019-ൽ മറുപടിക്ക്**

# സുസ്ഥിര വികസന ലക്ഷ്യസൂചികയിൽ കേരളത്തിന്റെ സ്ഥാനം

| ചോദ്യം<br>ശ്രീ.യു.ആർ.പ്രദീപ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) യു.എൻ - ന്റെയും ഗ്ലോബൽ ഗ്രീൻ ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സഹകരണത്തോടെ നീതി ആയോഗ് തയ്യാറാക്കിയ സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണ് ; വ്യക്തമാക്കമോ<br>(ബി) ഏതൊക്കെ മേഖലകളിലാണ് കേരളത്തിന് ഉയർന്ന റാങ്ക് ലഭിച്ചത്; വിശദാംശം നൽകുമോ? | (എ)<br>&<br>(ബി) | യു.എൻ - ന്റെയും ഗ്ലോബൽ ഗ്രീൻ ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സഹകരണത്തോടെ നീതി ആയോഗ് തയ്യാറാക്കിയ സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ (എസ്.ഡി.ജി. ഇന്ത്യ ഇൻഡക്സ് 2018) കേരളം ഒന്നാം സ്ഥാനത്താണ്. പതിനേഴ് സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ, പതിമൂന്ന് ലക്ഷ്യങ്ങളുമായി (12, 13, 14, 17 ലക്ഷ്യങ്ങളൊഴികെ) ബന്ധപ്പെട്ട മുൻഗണന സൂചികകളുടെ അടിസ്ഥാനത്തിലാണ് എസ്.ഡി.ജി. ഇന്ത്യ ഇൻഡക്സ് 2018 തയ്യാറാക്കിയിട്ടുള്ളത്.<br><br>നല്ല ആരോഗ്യവും ക്ഷേമവും (ലക്ഷ്യം-3), ഗുണമേന്മയുള്ള വിദ്യാഭ്യാസം (ലക്ഷ്യം - 4), ലിംഗ സമത്വം (ലക്ഷ്യം - 5) എന്നിവയിൽ കേരളം ഒന്നാം സ്ഥാനത്തും, നൂതനാശയം ഉൾക്കൊണ്ട് വ്യവസായവും പശ്ചാത്തല സൗകര്യവും വികസിപ്പിക്കൽ (ലക്ഷ്യം-9) എന്നതിൽ രണ്ടാം സ്ഥാനത്തും, വിശപ്പ് രഹിത സമൂഹം കെട്ടിപ്പടുക്കൽ (ലക്ഷ്യം-2) എന്നതിൽ മൂന്നാം സ്ഥാനത്തുമാണ്. |

**സെക്ഷൻ ഓഫീസർ**